ലാണോ എം.ഡി. താമസിക്കുന്നത്. ഇല്ലെങ്കിൽ ഇതിനു സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ;

(സി) മാനേജിംഗ് ഡയറക്ടറുടെ ക്വാർട്ടേഴ്സ് ഒഴിഞ്ഞു കിട ക്കുകയാണോ? ഈ ക്വാർട്ടേഴ്സിന്റെ വിസ്തീർണ്ണം എത്രയാണ്. ഓരോ നില കളിലുമായി എത്ര വിസ്തീർണ്ണം ഉണ്ട്;

(ഡി) കോർപ്പറേഷൻ ജീവനക്കാരുടെ പക്കൽ നിന്നും പെനാൽറ്റി വാടക പിടിയ്ക്കാൻ നിശ്ചയിച്ച തോതിൽ പ്രസ്തുത ക്വാർട്ടേഴ്സിന് എന്തു വാടക കണക്കാക്കാം എന്നറിയിക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടർക്ക് ക്വാർട്ടേഴ്സ് പണിതിട്ടുണ്ട്. മാനേജിംഗ് ഡയറക്ടർ അവിടെ താമസിക്കുന്നില്ല.

(ബി) സർക്കാർ അനുവദിച്ചിട്ടുള്ള വീട്ടുവാടക അലവൻസ് മാനേ ജിംഗ് ഡയറക്ടർക്ക് നൽകുന്നില്ല. മാനേജിംഗ് ഡയറക്ടറുടെ താമസ സ്ഥല ത്തിന്റെ ദൂരപരിധി സംബന്ധിച്ച് സർക്കാർ പ്രത്യേക നിബന്ധനയൊന്നും പുറ പ്പെടുവിച്ചിട്ടില്ല.

(സി) ഒഴിഞ്ഞു കിടക്കുകയാണ്. ഈ ക്വാർട്ടേഴ്സിന്റെ മൊത്തം വിസ്തീ: 247 സ്കയർ മീറ്ററാണ്. താഴത്തെ നിലയിൽ 135.96 സ്കയർ മീറ്ററും കാർപോർച്ചിന് 37.29 സ്കയർ മീറ്ററും രണ്ടാം നിലയ്ക്ക് 75.75 സ്കയർ മീറ്ററും വിസ്തീർണ്ണമുണ്ട്.

(ഡി) കോർപ്പറേഷൻ ജീവനക്കാർ ട്രാൻസ്ഫർ ആയി പോകുമ്പോൾ ആദ്യം താമസിച്ചിരുന്ന ക്വാർട്ടേഴ്സ് ഒഴിഞ്ഞുകൊടുക്കാതെ കൈവശം വച്ചു കൊണ്ടിരിക്കുമ്പോൾ അവരിൽ നിന്നും പെനാൽറ്റി വാടക പിടിക്കാറുണ്ട്. മാനേജിംഗ് ഡയറക്ടർ കോർപ്പറേഷന്റെ സർവ്വീസിൽ തുടരുന്നതിനാൽ ടീ നിബന്ധന ഇവിടെ ബാധകമല്ല.

161 (1893) പ്ലാന്റേഷൻ കോർപ്പറേഷൻ വകുപ്പ് മേധാവികളുടെ വിദ്യാഭ്യാസയോഗ്യത

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ വകുപ്പ് മേധാവികൾക്കോരോരു ത്തർക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയും പരിചയവും എന്തൊ ക്കെയാണ്;

(ബി) ഇപ്പോൾ ചാർജിൽ നിയമിച്ചിട്ടുള്ളവർക്ക് ഈ തസ്തി കൾക്കുള്ള വിദ്യാഭ്യാസ യോഗ്യതയോ പരിചയമോ ഉണ്ടോ;

(സി) ചാർജിൽ ഇരിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്;

(ഡി പ്ലാന്റേഷൻ കോർപ്പറേഷനിൽ ഈ തസ്തികകൾ വഹിക്കുന്ന തിന് വേണ്ടുന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവരുണ്ടോ; എങ്കിൽ ആരൊക്കെ;

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ യോഗ്യതകൾ എന്തെല്ലാമാണ്; യോഗ്യതയനുസരിച്ച് അവരെ ചാർജ്ജ് നൽകുവാൻ പരിഗണിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷനിലെ വകുപ്പുമേധാവികൾക്ക് നിശ്ച യിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയും പരിചയവും ചുവടെ ചേർക്കുന്നു.

I. ജനറൽ മാനേജർ (പി&എ)

1. പേഴ്സണൽ മാനേജ്മെന്റിലോ ഇൻഡസ്ട്രിയൽ റിലേഷനിലോ സ്പെഷ്യലൈസേഷനോടുകൂടിയ ബിരുദാനന്തര ബിരുദം. അല്ലെങ്കിൽ പേഴ്സണൽ മാനേജ്മെന്റിൽ എം.ബി.എ. നിയമ ബിരുദം അധിക യോഗ്യത യായി കണക്കാക്കും.

2. പേഴ്സണൽ മാനേജ്മെന്റിൽ 5 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം. മലയാളത്തിലുള്ള പ്രാവീണ്യം.

II. ജനറൽ മാനേജർ (സെയിൽസ്)

1. മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം (എം.ബി.എ) മാർക്കറ്റിംഗ് മാനേജ്മെന്റ് അഭികാമ്യം.

2. മാർക്കറ്റിംഗ്/സെയിൽസിൽ മാനേജേരിയൽ തസ്തികയിൽ 5 വർഷ ത്തിൽ കുറയാത്ത പരിചയം

III. ജനറൽ മാനേജർ (എഫ്&എ)

1. ചാർട്ടേഡ് അക്കൗണ്ടന്റ് കോസ്റ്റ് അക്കൗണ്ടന്റ്

2. വർഷത്തെ പ്രവർത്തിപരിചയം.

1. ജനറൽ മാനേജർ (പ്രൊഡക്ഷൻ)

1. അഗ്രിക്കൾച്ചർ/ഫോർട്ടിക്കൾച്ചർ/ഫോറസ്ട്രി/ആർട്സ്/സയൻസ്/ ബിസിനസ് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദം

2.മാനേജേരിയൽ/അഡ്മിനിസ്ട്രേറ്റീവ് നിലവാരത്തിൽ 5 വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം.

4. ജനറൽമാനേജർ (മലബാർ)

1. കൃഷി/ആർട്സ്/സയൻസ്/കൊമേഴ്സ് ബിരുദം.

2. പ്ലാന്റേഷൻ കോർപ്പറേഷനിൽ 5 വർഷത്തിൽ കുറയാതെയുള്ള മാനേജേരിയൽ/അഡ്മിനിസ്ട്രേറ്റീവ് നിലവാരത്തിലുള്ള പരിചയം.

3. കോർപ്പറേഷനിലെ മാനേജർ തസ്തികയിൽനിന്നും പരിഗണി ക്കുന്നു.

1. ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയർ

1. സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം.

2. 5 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം.

(സി) ഉണ്ട്.

(ഡി) ചാർജ്ജിൽ ഇരിക്കുന്നവരുടെ വിദ്യാഭ്യാസയോഗ്യതകൾ ചുവടെ ചേർക്കുന്നു.

I. ജനറൽ മാനേജർ (പ്രൊഡക്ഷൻ)

1. എം.എസ്.സി. (ബോട്ടണി)

LIBRARY ARCHIVES Kerala Legislative Assembly

2. എം.ബി.എ.

3. മാനേജർ തസ്തികയിൽ 9.4.94 മുതൽ തുടരുന്നു.

II. ജനറൽ മാനേജർ (മലബാർ)

1. എം.എസ്.സി. (ബോട്ടണി)

2. 12.10.80 മുതൽ അസിസ്റ്റന്റ് മാനേജരായും 25.3.96 മുതൽ മാനേജർ ആയും ജോലി ചെയ്തു വരുന്നു.

(ഡി) ഇപ്പോൾ ചാർജ്ജ് നൽകിയിരിക്കുന്നത് യോഗ്യതകൾ പരിഗണിച്ചാണ്.

162 (1894) പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ഉപരിപഠനം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഉപരിപഠനത്തിനു പോയിരുന്നോ;

(ബി) എങ്കിൽ എവിടെയാണ് പോയത്; എത്ര നാൾ പഠിച്ചു; പഠനകാലത്ത് കോർപ്പറേഷൻ എം.ഡി യുടെ ചുമതല ആർക്കു നൽകി; എം.ഡി യുടെ ഉപരിപഠനത്തിനു എത്ര രൂപ ചെലവു വന്നു; ഇത് ആരാണ് വഹിച്ചത്;

(സി) യാത്രാ ചെലവ്, വീട്, ഭക്ഷണം, എന്റർടെയിൻമെന്റ് എന്നീ ഇനങ്ങളിൽ മാനേജിംഗ് ഡയറക്ടർ എത്ര രൂപ ചെലവഴിച്ചു; ഇതിൽ കോർപ്പറേഷന്റെ ചെലവ് എത്ര?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

163 (1895) പ്ലാന്റേഷൻ കോർപ്പറേഷൻ ഭാരവാഹികളുടെ ടി.എ/ഡി.എ.

ശ്രീ. കെ.എ ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാൻ, മാനേജിംഗ് ഡയറക്ടർമാർ, ബോർഡ് മെംബർമാർ എന്നിവർ ഓരോരുത്തരും 1.4.1996 നുശേഷം പ്രതിമാസം വാങ്ങിയിട്ടുള്ള ടി.എ./ഡി.എ. തുകകൾ എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ:

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly